പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 85 | 28.05.2019 ൽ മറുപടിക്ക്

# തിരുവനന്തപുരം വിമാനത്താവളത്തിന്റെ സ്വകാര്യവത്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ഇ.കെ.വിജയൻ<br>,, ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം വിമാനത്താവള സ്വകാര്യവത്ക്കരണ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ; | (എ) തിരുവനന്തപുരം വിമാനത്താവളത്തിന്റെ ടെർമിനലുകളുടെ വികസനവും പരിപാലനവും അടക്കമുള്ള മേഖലകൾ മത്സരാധിഷ്ഠിത ലേലത്തിലൂടെ പൊതു-സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനമാണ് കേന്ദ്ര സർക്കാർ കൈക്കൊണ്ടിരുന്നത്. ഇതിലേക്കായുള്ള ഫിനാൻഷ്യൽ ബിഡ് 22.05.2019 ൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഓപ്പൺ ചെയ്തു. എന്നാൽ അദാനി എന്റർപ്രൈസിന് അവാർഡ് നൽകുന്നതിന് എതിരെ കേരള സർക്കാരും, കെ.എസ്.ഐ.ഡി.സി.യും ബഹു. ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയുണ്ടായി. കോടതി വിധിയ്ക്ക് വിധേയമായിട്ടായിരിക്കും ടി അവാർഡ് എന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഇതുവരെ അവാർഡ് നൽകിയിട്ടില്ല എന്ന് അറിയുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) KSIDC യുടെ നേതൃത്വത്തിൽ രൂപവത്കരിച്ച പ്രത്യേക കമ്പനിക്ക് വിമാനത്താവള നടത്തിപ്പിന്റെ ചുമതല നല്കുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി KSIDC യുടെ നേതൃത്വത്തിൽ രൂപവത്കരിച്ച പ്രത്യേക കമ്പനിക്ക് വിമാനത്താവള നടത്തിപ്പിന്റെ ചുമതല നല്കുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് 27.02.2019 ന് കത്തയച്ചിരുന്നു. എന്നാൽ ഇതിന്മേൽ കേന്ദ്ര സർക്കാർ അനുകൂല തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) വിമാനത്താവളത്തിന്റെ സ്വകാര്യവത്കരണത്തിന് ബദലായി എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് | (സി) യും (ഡി) വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന |

| | | | |
|---|---|---|---|
| | വച്ചതെന്ന് അറിയിക്കുമോ; | യും | പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. കൂടാതെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും, നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നല്കണമെന്നുമുള്ള സർക്കാർ നിർദ്ദേശം അറിയിക്കുകയുണ്ടായി. |
| (ഡി) | വിമാനത്താവള നടത്തിപ്പിൽ മുൻകാലപരിചയം എന്ന വ്യവസ്ഥ ഒഴിവാക്കി പശ്ചാത്തലസൗകര്യ വികസനത്തിൽ മുൻകാലപരിചയം എന്ന് ടെൻഡർ രേഖകളിൽ മാറ്റം വരുത്തിയത് കേന്ദ്രത്തിന് ആഭിമുഖ്യമുള്ള ചില കുത്തകകളെ സഹായിക്കാൻ ആണെന്ന് അഭിപ്രായമുണ്ടോ? | | വിമാനത്താവള നടത്തിപ്പിൽ മുൻകാലപരിചയം എന്ന വ്യവസ്ഥ ഒഴിവാക്കി പശ്ചാത്തലസൗകര്യ വികസനത്തിൽ മുൻകാലപരിചയം എന്ന് ടെൻഡർ രേഖകളിൽ മാറ്റം വരുത്തിയത് വഴി ലേല നടപടിക്രമങ്ങളിലെ സുതാര്യതയ്ക്ക് കോട്ടം സംഭവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ